## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.433** **9/02/2016-ൽ മറുപടിക്ക്**

## ആലംകോട് ഓവർസിയർ ഓഫീസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. സത്യൻ. | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ആലംകോട് ഓവർസീയർ ഓഫീസ്, സെക്ഷൻ ഓഫീസ് ആക്കി ഉയർത്തുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;<br><br>(ബി) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയ്ക്കും മൂന്ന് പഞ്ചായത്തുകൾക്കും ഏറെ ഗുണകരമാകുന്ന ഇക്കാര്യം അടിയന്തിരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | **(എ)യും (ബി)യും**<br><br>നിലവിലുള്ള മാനദണ്ഡ പ്രകാരം സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 25,000-ൽ അധികമാവുകയും, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയും ചെയ്യുന്ന സാഹചര്യത്തിൽ ആണ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. ആറ്റിങ്ങൽ സെക്ഷൻ ഓഫീസ് വിഭജിച്ച് കല്ലമ്പലം, വക്കം, കടയ്ക്കാവൂർ, നഗരൂർ എന്നീ സെക്ഷനുകളിൽ പെടുന്ന കുറച്ച് ഉപഭോക്താക്കളെ കൂടി ചേർത്ത് ആലംകോട് കേന്ദ്രമാക്കി സെക്ഷൻ ഓഫീസ് സ്ഥാപിക്കാനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചിരുന്നു. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മേൽപറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷനുകൾ വിഭജിച്ച് ആലംകോട് ഓവർസിയർ ഓഫീസ് സെക്ഷൻ ഓഫീസായി ഉയർത്തുന്നത് ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല. |

**സെക്ഷൻ ഓഫീസർ**